# അനിമൽ ബെർത്ത് കൺട്രോൾ (എബിസി)

തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയാണ് അനിമൽ ബെർത്ത് കൺട്രോൾ (എബിസി). 2016 സെപ്റ്റംബർ മാസത്തിൽ മുഖ്യമന്ത്രി അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർമാരുടെ യോഗത്തിലാണ് എബിസി ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിന്റെ മാർഗ്ഗരേഖയും നിർദ്ദിഷ്ട പ്രവർത്തന രീതിയും പുറത്തിറക്കിയത്. ഇതിന്റെ ഭാഗമായി കുടുംബശ്രീ എബിസി ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും ജില്ലകളിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തെരുവുനായ നിയന്ത്രണ പദ്ധതിയുടെ മേൽനോട്ടം അതാത് ജില്ലാ കളക്ടർക്കും ജില്ലാ പഞ്ചായത്തുകൾക്കുമാണ്. അതേസമയം എബിസി ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും അത് മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യേണ്ടത് കുടുംബശ്രീയും. ഉടൻ തന്നെ പ്രവർത്തനം നടത്തേണ്ട സ്ഥലങ്ങൾ നിർദ്ദേശിക്കേണ്ട ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളൊന്ന് ഇല്ലാതാക്കാനും അതുവഴി കുടുംബശ്രീ വനിതകൾക്ക് വരുമാനമാർഗ്ഗം ഉറപ്പിക്കാനും ഈ പദ്ധതി വഴി കഴിയുന്നു. സംസ്ഥാനത്താകെ 80 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. യൂണിറ്റുകൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50000 രൂപ വീതം കുടുംബശ്രീ നൽകിയിരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കി വരുന്നത്.

## കോട്ടയം ജില്ലയിൽ എബിസി

തെരുവുനായ്ക്കളെ വന്ധ്യംകരിയ്ക്കാനുള്ള ഗുഡ്മോണിഹ് കോട്ടയം എന്ന ജില്ലാ പഞ്ചായത്ത് പദ്ധതി 2015 നവംബറിൽ കോട്ടയത്ത് ആരംഭിച്ചിരുന്നു. രണ്ട് വർഷത്തെ ഈ പദ്ധതി പക്ഷേ വേണ്ടത്ര ഫലപ്രദമായില്ല. ആദ്യ മൂന്ന് മാസം 700 നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയ്ക്ക് വിധേയരാക്കിയിരുന്നു. എന്നാൽ തുടക്കത്തിലെ ആവേഗം നഷ്ടപ്പെടുകയും പദ്ധതി പരാജയത്തോട് അടുക്കകയുമായിരുന്നു. ഈ ഘട്ടത്തിലാണ് കുടുംബശ്രീ എബിസി പ്രൊജക്ടുമായി ജില്ലയിലേക്ക് കടന്നുവരുന്നത്.

## തുടക്കം

2017 ജനുവരിയിലാണ് സംസ്ഥാന മിഷനിൽ നിന്ന് കോട്ടയം ജില്ലാ മിഷനിൽ എബിസി പ്രൊജക്ടിനായി താത്പര്യമുള്ളവരെ തെരഞ്ഞെടുക്കണമെന്ന് ഗ്രൂപ്പുകൾ രൂപീകരിക്കണമെന്നുമുള്ള നിർദ്ദേശം ലഭിക്കുന്നത്. നായ്ക്കളെ പിടിക്കുക, ശസ്ത്രക്രിയയ്ക്ക് വിധേയരാക്കുമ്പോൾ സർവ്വസഹായവും നൽകുക, തിരികെ കൊണ്ടുപോയി വിടുക എന്നീ മൂന്ന് പ്രധാന ചുമതലകളാണ് ഓരോ യൂണിറ്റ് അംഗവും വഹിക്കേണ്ടത്. അതിനാൽ തന്നെ കായിക അധ്വാനം കൂടുതലുള്ളതിനാൽ സ്ത്രീകൾക്ക് മാത്രമായി ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യാൻ കഴിയില്ലെന്ന തോന്നലിൽ പുരുഷന്മാർ കൂടി ഉൾപ്പെടുന്ന സ്പെഷ്യൽ സൂക്ഷ്മ സംരംഭ യൂണിറ്റായി ഓരോ എബിസി യൂണിറ്റും രൂപീകരിക്കാനായിരുന്നു നിർദ്ദേശം. യൂണിറ്റിൽ അംഗമാകുന്ന പുരുഷന്മാരുടെ ഭാര്യമാരോ അമ്മമാരോ കുടുംബശ്രീ അംഗമായിരിക്കണമെന്ന നിബന്ധനയും വച്ചിരുന്നു.

യൂണിറ്റുകൾ രൂപീകരിക്കാൻ താത്പര്യമുള്ളവരെ സിഡിഎസുകൾ വഴി കണ്ടെത്തി. ഒരു സിഡിഎസിന് കീഴിൽ തന്നെയുള്ള കുടുംബശ്രീ അംഗങ്ങളായിരിക്കണം ഒരു യൂണിറ്റിലെ അംഗങ്ങളെന്ന നിർബന്ധവും എബിസി യൂണിറ്റ് രൂപീകരണത്തിൽ ഒഴിവാക്കിയിട്ടുണ്ട്. റിസ്ക് ഉള്ള പദ്ധതിയായതിനാൽ വിവിധ സിഡിഎസുകൾക്ക് കീഴിലുള്ള കുടുംബശ്രീ അംഗങ്ങളായ പലർ ചേർന്ന് യൂണിറ്റ് രൂപീകരിച്ചതിന് ശേഷം ഒരു സിഡിഎസിൽ രജിസ്ട്രർ ചെയ്താൽ മതിയാകുമെന്നായിരുന്നു നിബന്ധന. 25 പേരോളം പരിശീലനം നേടി. ആകെ നാല് യൂണിറ്റുകൾ രൂപീകരിച്ചു. വാഴൂരിൽ നിന്ന് പുരുഷന്മാർ മാത്രമുള്ള യൂണിറ്റാണ് പരിശീലനത്തിനായി ആദ്യം മുന്നോട്ടു വന്നത്. പക്ഷേ ഗുഡ്മോണിങ് കോട്ടയം പദ്ധതി നടപ്പാക്കുന്ന യൂണിറ്റിനൊപ്പം പരിശീലനം നേടുന്നതിനിടെ ഇവർ പിന്മാറി. നായയെ പിടിക്കുന്നത് കൂടാതെ ശസ്ത്രക്രിയ നടത്തുമ്പോഴും സഹായിക്കേണ്ടി വരുമെന്നതാണ് ഇവരുടെ പിന്മാറ്റത്തിന് പിന്നിൽ. ശേഷിച്ച മൂന്ന് യൂണിറ്റുകൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കാൻ തയാറായെങ്കിലും പുതുപ്പള്ളി, അതിരമ്പുഴ സിഡിഎസുകളിൽ രജിസ്ട്രർ ചെയ്തിരിക്കുന്ന യൂണിറ്റുകൾ മാത്രമാണ് സജീവമായി പ്രവർത്തിച്ചു തുടങ്ങിയത്. ഇതിൽ അതിരമ്പുഴയിൽ രജിസ്ട്രർ ചെയ്തിരിക്കുന്ന സ്റ്റാർ യൂണിറ്റിലെ അംഗങ്ങളായ രണ്ട് സ്ത്രീകൾ ഊട്ടിയിൽ പോയി നേരത്തേ തന്നെ എബിസി പരിപാടിയുടെ പരിശീലനം നേടിയിരുന്നു.

രജിസ്ട്രർ ചെയ്ത യൂണിറ്റിലെ ഓരോ അംഗത്തിനും തിരിച്ചറിയൽ കാർഡും യൂണിഫോമും നൽകും. പേവിഷബാധയ്ക്കും ടെറ്റനസിനുമെതിരേയുള്ള ഇൻജക്ഷനും നൽകും.

## പൈലറ്റ് പ്രൊജക്ട് വൈക്കത്ത്

പുതുപ്പള്ളി സിഡിഎസിൽ രജിസ്ട്രർ ചെയ്ത നന്മ യൂണിറ്റ് വഴി വൈക്കം മുനിസിപ്പാലിറ്റിയിൽ 2017 മേയിൽ പൈലറ്റ് പ്രൊജക്ടിന് തുടക്കമിട്ടു. 400 നായയെ പിടികൂടാൻ 4 ലക്ഷം രൂപയായിരുന്നു വകയിരുത്തിയിരുന്നത്. വൈക്കം നഗരസഭ നേരിട്ടാ യിരുന്നു ഫണ്ട് വകയിരുത്തിയതും നൽകിയതും. 1000 രൂപയായിരുന്നു ഒരു നായയ്ക്ക് പ്രതിഫലമായി നിശ്ചയിച്ചത്. ആ തുക പര്യാപ്തമല്ലെന്ന് തെളിഞ്ഞു. പിന്നീടാണ് ഒരു നായയ്ക്ക് 2100 രൂപ എന്ന നിരക്ക് തീരുമാനിച്ചത്. അത് അനുസരിച്ച് 200 നായകളെ പിടികൂടേണ്ടതായിരുന്നു. 185 നായകളെ പൈലറ്റ് പ്രൊജക്ടിന്റെ ഭാഗമാ യി വൈക്കം നഗരസഭാ പരിധിയിൽ നിന്ന് നന്മ യൂണിറ്റ് പിടികൂടി വന്ധീകരിച്ചു. ജില്ലാ പഞ്ചായത്ത് വഴി പദ്ധതിവിഹിതം ആദ്യം നൽകിയത് കോട്ടയം നഗരസഭയാണ്.

## പ്രവർത്തനരീതി

ഫണ്ട്- ഈരാറ്റുപേട്ട, ഏറ്റുമാനൂർ, കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി, ളാലം, മാടപ്പള്ളി, പള്ളം, പാമ്പാടി, ഉഴവൂർ, വൈക്കം, വാഴൂർ എന്നീ ബ്ലോക്കുകൾക്ക് കീഴിലായി 71 പഞ്ചായത്തുകളാണ് കോട്ടയത്തുള്ളത്. കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, പാല, ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നീ നഗരസഭകളും. ഓരോ പഞ്ചായത്തും നഗരസഭയും ജില്ലാ പഞ്ചായത്തിൽ പദ്ധതി സമർപ്പിച്ച് എബിസിക്കായി നിശ്ചിത തുക വകയിരുത്തിയിട്ടുണ്ട്. ശരാശരി രണ്ട് ലക്ഷത്തോളമാണ് ഒരു സാമ്പത്തിക വർഷത്തി ലേക്ക് ഓരോ പഞ്ചായത്തും വകയിരുത്തിയിരിക്കുന്നത്. ഒരു നായയെ പിടിച്ച് വന്ധീക രിച്ച് തിരികെ കൊണ്ടുവിടുന്നതിനായി 2100 രൂപയാണ് പ്രതിഫലം. ഒരോ പഞ്ചായത്തും വകയിരുത്തിയിരിക്കുന്ന തുക അനുസരിച്ച് ഒരു നായയ്ക്ക് 2100 എന്ന കണക്കിൽ എത്ര നായകളെ ആ പഞ്ചായത്തിൽ നിന്ന് പിടിക്കണമെന്ന് തീരുമാനിക്കും.

പുതുപ്പള്ളി സിഡിഎസിൽ രജിസ്ട്രർ ചെയ്തിരിക്കുന്ന നന്മ എബിസി ഗ്രൂപ്പും അതിരമ്പുഴയിൽ രജിസ്ട്രർ ചെയ്തിരിക്കുന്ന സ്റ്റാർ എബിസി ഗ്രൂപ്പമാണ് ഇപ്പോൾ കോട്ടയം ജില്ലയിൽ ഈ പ്രൊജക്ടുമായി മുന്നോട്ടു പോകുന്നത്. അഞ്ച് വീതം അംഗങ്ങളാണ് ഓരോ യൂണിറ്റിലുമുള്ളത്. അഞ്ച് ഗവൺമെന്റ് വെറ്റിനറി പോളി

ക്ലിനിക്കുകളിലാണ് എബിസി ശസ്ത്രക്രിയ നടത്തുന്നത്. ഈ അഞ്ച് സെന്ററുകളും പ്രൊജക്ടിനായി തെരഞ്ഞെടുത്തത് ഗവൺമെന്റാണ്. കടനാട്, കാഞ്ഞിരപ്പള്ളി, വൈക്കം,

പരിയാരം (പുതുപ്പള്ളി), വാഴൂർ എന്നിവയാണ് സെന്ററുകൾ. ഇതിൽ കടനാട്, കാഞ്ഞിരപ്പള്ളി സെന്ററുകളുടെ സേവനം സ്റ്റാർ എബിസി ഗ്രൂപ്പും വൈക്കം, പരിയാരം, വാഴൂർ സെന്ററുകളുടെ സേവനം നന്മ ഗ്രൂപ്പും തേടുന്നു. ഈ സെന്ററുകളിലായി ആറ് ഡോക്ടർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ രണ്ട് യൂണിറ്റുകൾക്കുമായി വീതിച്ച് നൽകിയിരിക്കുന്നു. വൈക്കം, കടുത്തുരുത്തി, പള്ളം, പാമ്പാടി, വാഴൂർ, മാടപ്പള്ളി ബ്ലോക്കുകൾക്ക് കീഴിലുള്ള പഞ്ചായത്തുകൾ നന്മ യൂണിറ്റിനാണ്. ഏറ്റുമാനൂർ, ഉഴവൂർ, ളാലം, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട ബ്ലോക്കുകൾ സ്റ്റാർ യൂണിറ്റിനും. ഇതനുസരിച്ച് രണ്ട് യൂണിറ്റുകളും അതാത് പ്രദേശത്ത് നിന്ന് നായകളെ പിടിച്ച് വന്ധീകരിക്കൽ പ്രക്രിയയ്ക്ക് വിധേയമാക്കും.

തങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ബ്ലോക്കുകൾക്ക് കീഴിലുള്ള ഏത് പഞ്ചായത്തിൽ നിന്നാണ് നായയെ പിടിക്കേണ്ടത് എന്ന് തീരുമാനിച്ച ശേഷം വിവരം അതാത് പഞ്ചായത്ത് പ്രസിഡന്റിനെയും സെക്രട്ടറിയെയും അറിയിക്കും. യൂണിറ്റ് അംഗങ്ങൾ അവിടെയെത്തി പോൾ നെറ്റ് ഉപയോഗിച്ച് നായയെ പിടിച്ച് കൂടുകളിലാക്കി അവിടെ നിന്ന് വണ്ടിയിൽ കയറ്റി സമീപത്തുള്ള സെന്ററിലേക്ക് കൊണ്ടുപോകും. സാധാരണയായി പുലർച്ചെ 2 മണി മുതൽ 4 മണിവരെയുള്ള സമയത്താണ് നായകളെ കൂടുതലായും പിടികൂടുന്നത്. പിടിച്ച ദിവസത്തിന് ഒരു ദിവസം കഴിഞ്ഞാണ് നായകളെ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കുന്നത്. അതിന് ശേഷം നാല് ദിവസം മരുന്നും മറ്റും നൽകി പരിപാലിച്ച ശേഷം തിരികെ പിടിച്ച സ്ഥലത്തേക്ക് തന്നെ കൊണ്ടുപോയി വിടും. ഞായറാഴ്ചകളിലൊഴികെ ആഴ്ചയിൽ എല്ലാ ദിവസവും ശസ്ത്രക്രിയകൾ സെന്ററുകളിൽ നടത്തും.

നായ ഒന്നിന് പഞ്ചായത്തുകൾ **2100 രൂപ** വീതം നൽകും. ഇഥിൽ **1000 രൂപ കുടുംബശ്രീ** യൂണിറ്റിനാണ്. ഡോക്ടർക്ക് **400 രൂപയും** മരുന്നിന് **500 രൂപയും** വാഹന സൗകര്യത്തിനായി **200 രൂപയും** വകയിരുത്തിയിരിക്കുന്നത്.

എത്ര നായയെ പിടിച്ചു എന്നതിന്റെ കണക്ക് ബിൽ അടക്കം മാസം തോറും ജില്ലാ മിഷനിൽ സമർപ്പിക്കും. സെന്ററുകളിൽ നായയെ പിടിച്ചതിന്റെയും ശസ്ത്രക്രിയ ചെയ്തതിന്റെയും രജിസ്ട്രറും മെഡിസിന്റെ രജിസ്ട്രറും പ്രത്യേകമുണ്ട്. സെന്ററുകളിലെ സീനിയർ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ ഈ രജിസ്ട്രർ കോപ്പികളടക്കം ബില്ലുകളാണ് സമർപ്പിക്കുന്നത്. ഈ ബിൽ അനുസരിച്ച് ജില്ലാ പഞ്ചായത്ത് നൽകിയ ഫണ്ടിൽ നിന്ന് ജില്ലാ മിഷൻ യൂണിറ്റുകൾക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകും.

കോട്ടയം ജില്ലയിൽ ഡിസംബർ വരെ 1623 നായകളെ പിടികൂടി കഴിഞ്ഞു. അങ്ങനെ വരുമ്പോൾ രണ്ട് യൂണിറ്റുകൾ ചേർന്ന് 16 ലക്ഷത്തോളം രൂപ വരുമാനം നേടിക്കഴിഞ്ഞു. യൂണിറ്റുകളിലെ ഒരംഗത്തിന് 1.6 ലക്ഷത്തോളം രൂപ എബിസി പദ്ധതിയിലൂടെ വരുമാനമായി ലഭിച്ചു കഴിഞ്ഞു.

**ഭാവി**

കൂടുതൽ യൂണിറ്റുകൾക്ക് പരിശീലനം നൽകി അടുത്ത സാമ്പത്തിക വർഷം പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.